# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2445

## 06.12.2018 - ലെ മറുപടിയ്ക്ക്

## ട്രഷറി നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) ട്രഷറികൾ നവീകരിക്കുന്നതിനും ട്രഷറികളിൽ എ.ടി.എം-കൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ട്രഷറി നവീകരണവുമായി ബന്ധപ്പെട്ട രണ്ട് പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നു.<br><br>1) ഐ.എഫ്.എം.എസ് (ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം)<br>ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നവീകരിക്കുന്ന പദ്ധതിയാണ് ഇത്. പൂർണ്ണമായും കടലാസ് രഹിത കറൻസി രഹിത ഇടപാടുകളിലേക്ക് മുഴുവൻ ട്രഷറി ഇടപാടുകളും മാറ്റുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഈ സംവിധാനം നടപ്പിലായതോടുകൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുതാര്യവും വേഗത്തിലും ആയി തീർന്നു. ഇടപാടുകാർക്ക് ട്രഷറിയിൽ എത്താതെ തന്നെ സേവനങ്ങൾ ലഭിക്കുന്ന തരത്തിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ തുക നേരിട്ട് ഇടപാടുകാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കറൻസിയുടെ ഉപയോഗവും പരമാവധി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>2) ടി.ഐ.ഡി.പി (ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി)<br>ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി 10 ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 16.07.2017 ലെ സ.ഉ.(സാധാ)നം.5721/2017/ധന പ്രകാരം നല്കിയിട്ടുണ്ട്. ടി.ഐ.ഡി.പി.യുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി 24.05.2018 ലെ സ.ഉ.(സാധാ)നം.4469/2018/ധന പ്രകാരം 10 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും രണ്ട് ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനും ഭരണാനുമതി നല്കി ഉത്തരവായിട്ടുണ്ട്. ടി ഭരണാനുമതി ഉത്തരവ് 12.07.2018 ലെ സ.ഉ.(സാധാ) നം.5944/2018/ധന പ്രകാരം പുതുക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവഹണ |

| | |
|---|---|
| | ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത് INKEL Ltd നെയാണ്. 16.10.2018 ലെ സ.ഉ.(സാധാ)നം.8565/2018/ധന പ്രകാരം ടി.ഐ.ഡി.പി.യുടെ കീഴിൽ വരുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മാന്നാർ, വടക്കാഞ്ചേരി സബ് ട്രഷറികൾക്ക് മാത്രമാണ് ഇതുവരെ ടി.ഐ.ഡി.പി.യുടെ കീഴിൽ സാങ്കേതികാനുമതി നല്കിയിട്ടുള്ളത്(Phase I). ബാക്കിയുള്ള ട്രഷറികളുടെ നിർമ്മാണത്തിന് സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>**<u>ട്രഷറികളിൽ എ.ടി.എം സംവിധാനം</u>**<br>ട്രഷറികളിൽ എ.ടി.എം-കൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല പകരം, ബാങ്കുകൾ മുഖേന ട്രഷറി അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം കാർഡ് നല്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. |
| (ബി) ജീർണ്ണാവസ്ഥയിലായ ചാലക്കുടി സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ചാലക്കുടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല എന്നാൽ മഴക്കെടുതിമൂലം ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനായും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വകുപ്പ് ആവശ്യപ്പെട്ടതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നവീകരണപ്രവർത്തനങ്ങൾക്കുള്ള 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിശോധനയിലാണ്. |

**അക്കൗണ്ട്സ് ഓഫീസർ**